**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 227** **18-03-2022 - ൽ മറുപടിയ്ക്ക്**

**യുവജന സംരംഭകത്വ വികസന പരിപാടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ വി ശശി,<br>ശ്രീ. സി.സി. മുകുന്ദൻ** | | **null<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കൂടുതൽ യുവ സംരംഭകരെ സൃഷ്ടിക്കുന്നതിന് വേണ്ടി യുവജനകാര്യ വകുപ്പ് വഴി സംരംഭകത്വ വികസന പരിപാടി സംഘടിപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | നവീന ആശയങ്ങളുള്ള യുവാക്കൾക്ക് അവരുടെ സംരംഭകത്വ സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കാനുള്ള പശ്ചാത്തലം ഒരുക്കുക എന്ന ലക്ഷ്യത്തോടെ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ 2018 ജനുവരി 17, 18 തീയതികളിൽ തിരുവനന്തപുരത്ത് വച്ച് സംരംഭകത്വ വികസന ശില്പശാല – 'കീ സമ്മിറ്റ് 2018' – സംഘടിപ്പിച്ചിട്ടുണ്ട്. |
| (ബി) | യുവ സംരംഭകർക്ക് പുത്തൻ സംരംഭങ്ങൾ ആരംഭിക്കുന്നതിന് യുവജനകാര്യ വകുപ്പ് വഴി നൽകിവരുന്ന സഹായങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (ബി) | യുവസംരംഭകർക്കായി സംഘടിപ്പിച്ച 'കീ സമ്മിറ്റ് -2018’ ൽ പങ്കെടുത്ത പ്രതിനിധികളിൽ നിന്നും മികച്ച ആശയങ്ങൾ അവതരിപ്പിച്ച 5 പേർക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ധനസഹായം അനുവദിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയിൽ ഏതെല്ലാം ധനകാര്യ സ്ഥാപനങ്ങളുടെ സഹകരണമാണ് ലഭിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (സി) | പ്രസ്തുത ധനസഹായം നൽകുന്നതിന് ധനകാര്യ സ്ഥാപനങ്ങളുടെ സഹകരണം ലഭിച്ചിട്ടില്ല. |
| (ഡി) | യുവജനങ്ങൾ സംരംഭകരാകുന്നതിനുവേണ്ടി യുവജനകാര്യ വകുപ്പ് നടപ്പിലാക്കിവരുന്ന പരിശീലന പദ്ധതികൾ വിശദീകരിക്കുമോ? | (ഡി) | കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് മുഖേന യുവതികൾക്കായി തൊഴിൽ പരിശീലനം സംഘടിപ്പിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ